മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ഈ സംഭവം സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ എനിക്ക് ഒരു പരാതി തന്നിട്ടുണ്ട്. തീർച്ചയായും ഗവൺമെന്റ് ഇതിനെക്കുറിച്ച് അന്വേഷിക്കും, നടപടി സ്വീകരിക്കും.

(6) ഭൂമിയുടെ ന്യായവില നിശ്ചയിച്ചതിലെ അപാകതകൾ മൂലം രജിസ്ട്രേഷൻ രംഗത്തുണ്ടായിരിക്കുന്ന സ്തംഭനാവസ്ഥ

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, 1995-ലെ കേരള മുദ്രപത്ര റൂൾസ് 4(1) പ്രകാരം വസ്തുവിന് മിനിമം വില നിശ്ചയിച്ചപ്പോൾ വസ്തുവിന്റെ യഥാർത്ഥ വിലയേക്കാൾ വളരെ ഉയർന്ന വില നിശ്ചയിച്ചവർ ഫെയർ വാല്യൂ നിശ്ചയിച്ചപ്പോൾ സുതാര്യമാംവിധം പരാതി കേൾക്കാൻ തയ്യാറായിട്ടില്ല. പരാതിക്കാർ 25 രൂപയുടെ സ്റ്റാമ്പ് പതിച്ച് സമീപത്തുള്ള രണ്ട് ആധാരങ്ങൾ ഹാജരാക്കിവേണം പരാതിപ്പെടാൻ. ഇത് ബുദ്ധിമുട്ടുള്ള കാര്യമാണ്. ആക്ഷേപങ്ങൾ സ്വീകരിക്കാൻ എടുത്ത നടപടി ശരിയായ രീതിയിലല്ല. ഭൂമിയുടെ താരിഫ് വില നിശ്ചയിച്ചത് വളരെ കൂടുതലാണ്. ഭാഗപത്രം, ധനനിശ്ചയം തുടങ്ങിയ ആധാരങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി വളരെ കൂടുതൽ (അഞ്ചുശതമാനം) ആണ് ചുമത്തിയിരിക്കുന്നത്. അതേസമയം വിൽപനയ്ക്ക് നാല് ശതമാനം മാത്രമേ സ്റ്റാമ്പ്ഡ്യൂട്ടി ഈടാക്കുന്നുള്ളൂ. ഇത്രയും അപാകതകൾ കാണുന്നതിനാൽ ആവശ്യമായ അന്വേഷണം നടത്തി പരാതി പരിഹരിക്കാനുള്ള സംവിധാനമുണ്ടാക്കണം. 5-1-2004-ന് ധൃതിവച്ച് ഉത്തരവിറക്കിയത് തികച്ചും അശാസ്ത്രീയമാണ്. പരാതി കേൾക്കാൻ മുപ്പത് ദിവസം സമയം ലഭിച്ചിട്ടില്ല. 5-1-2004-ന് ആക്ഷേപം ഉള്ളവരുടെ കാര്യത്തിൽ തീരുമാനം ഉണ്ടായത് ശരിയായിട്ടില്ല. ഇത് പിൻവലിക്കണം. എൻ.എച്ച്. 212 റോഡിന് മുൻവശത്തുവരുന്ന വസ്തുവിന്റെ അതേ വില തന്നെയാണ് അതേ സർവ്വേനമ്പറിലുള്ള വസ്തുവിന്റെ പുറകുവശത്തുവരുന്ന വസ്തുവിനും വിലയായി നിശ്ചയിച്ചിരിക്കുന്നത്. ഇത് ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടും പ്രയാസങ്ങളും ഉണ്ടാക്കുന്നു. ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): സർ, ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ ഗവൺമെന്റിന്റെ വിശദമായ പരിശോധനയിലാണ്. 1997-ൽ ഒരു വിദഗ്ദ്ധ കമ്മിറ്റിയെ ഈ രംഗത്തെ പ്രശ്നങ്ങൾ പഠിക്കാനായി ഗവൺമെന്റ് നിയോഗിക്കുകയുണ്ടായി. ആ കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് വില്ലേജ് തലത്തിലും താലൂക്ക് തലത്തിലുമുള്ള രണ്ട് കമ്മിറ്റികൾ പരിശോധിച്ചിട്ടാണ് ആർ.ഡി.ഒ.-മാർക്ക് ഒരു ന്യായവില രജിസ്റ്റർ കൊടുത്തത്. അതിനുശേഷമാണ് ആർ.ഡി.ഒ. ഈ ന്യായവില പരിശോധിച്ചുകൊണ്ടിരിക്കുന്നത്. നേരത്തെ നിശ്ചയിച്ച കമ്മിറ്റികളിൽ ജനപ്രതിനിധികളെയും കൂടി ഉൾപ്പെടുത്തിയാണ് ഇത് പരിശോധിച്ചത്. ഇപ്പോൾ ഉന്നയിച്ച കാര്യങ്ങളും പ്രധാനപ്പെട്ടതാണ്. ഗവൺമെന്റ് അത് ഗൗരവമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly